# നീലക്കരയുള്ള സാരി

ഡി. ബാബുപോൾ

കൊൽക്കത്തയിലെ വാഴ്ത്തപ്പെട്ട തെരേസ എന്ന് കത്തോലിക്കാസഭ ആദരപൂർവം വണങ്ങുന്ന മദർ തെരേസയുടെ ജന്മശതാബ്ദി അധികം ആരവം കൂടാതെ കഴിഞ്ഞുപോയി.

ആരവം കുറഞ്ഞതിന് പല കാരണങ്ങൾ ഉണ്ടാകാം. ഒന്നാമത് ക്രൈസ്തവ സമ്പ്രദായത്തിൽ ജനനതീയതിക്ക് പ്രാധാന്യം കുറവാണ്. സഭയുടെ പഞ്ചാംഗത്തിൽ മൂന്ന് ജനനങ്ങൾ മാത്രം ആണ് സ്മരിക്കപ്പെടുന്നത്. ഒന്ന് ക്രിസ്മസ്. മനുഷ്യാവതാരം ചെയ്ത ദൈവം മനുഷ്യനായി പിറന്നതിന്റെ ഓർമ. രണ്ടാമത്തേത് സെപ്റ്റംബർ എട്ട്, അത് മനുഷ്യനായി പിറന്ന ദൈവത്തിന് മാതാവായി ഭവിച്ച മറിയം ജനിച്ച നാൾ. മൂന്നാമത്തേത് സ്നാപകയോഹന്നാന്റെ ജനനം. അതായത് രണ്ട് മനുഷ്യരുടെ മാത്രം ജന്മദിനമാണ് സഭ സ്മരിക്കുന്നത്. അവരാകട്ടെ സഭ നിസ്തുലത കൽപിക്കുന്നവരാണ് താനും. ഒരാൾ ദൈവത്തിന്റെ മനുഷ്യശരീരത്തിന് മജ്ജയും മാംസവും നൽകിയ കന്യക. മറ്റെയാൾ ഗൾഭസ്ഥനായിരിക്കുമ്പോൾ പരിശുദ്ധാത്മഹർഷം പ്രഘോഷിച്ചയാൾ.

രണ്ടാമത് അമ്മ എല്ലാവരുടേതും ആയപ്പോൾ ആരുടേതും അല്ലാതായതും ശ്രദ്ധിക്കാതെ വയ്യ. റോമൻ കത്തോലിക്കാ സഭയിലായിരുന്നു മദർ തെരേസയുടെ അംഗത്വം. ആ സഭയിൽ തന്നെ പല അവാന്തര വിഭാഗങ്ങൾ ഉണ്ട്. അൽഫോൺസാമ്മ എന്ന വിശുദ്ധയെ എല്ലാവരും അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യും. എങ്കിലും അവർ അംഗമായിരുന്ന സന്യാസിനീ സമൂഹവും സീറോ മലബാർ വിഭാഗവും അൽഫോൺസാമ്മയുടെ സ്മരണ സജീവമായി നിലനിർത്തുന്നതിൽ സവിശേഷ താൽപര്യം പ്രദർശിപ്പിക്കുമല്ലോ. അങ്ങനെ ഒരു ചെറിയ സമൂഹത്തിൽ അടയാളപ്പെടുത്തപ്പെടുന്ന വ്യക്തിയല്ല ഇരുപതാംനൂറ്റാണ്ടിലെ ഏറ്റവും പ്രശസ്ത വനിത എന്ന് വിശേഷിപ്പിക്കപ്പെടുന്ന മദർ തെരേസ. ആ മഹതി സീറോ മലങ്കര സഭ പോലെ തീരെ ചെറിയ ഒരു കത്തോലിക്കാ വിഭാഗത്തിലോ മാസിഡോണിയ (അൽബേനിയ) പോലെ തീരെ ചെറിയ ഒരു രാഷ്ട്രത്തിലോ ഒതുങ്ങിയ വിശുദ്ധ ആയിരുന്നെങ്കിൽ ചിത്രം വ്യത്യസ്തമാകുമായിരുന്നു. മഹത്വം ചമയ്ക്കുന്ന പരിമിതിയായി സാധാരണത്വം നിർവചിക്കപ്പെടുന്ന അവസ്ഥ!

എങ്കിലും ഭാരതം ആ വിശ്വവനിതയെ ആദരിച്ചു. രാഷ്ട്രം പ്രണാമം അർപ്പിച്ചു. കേരളത്തിലുള്ള ലത്തീൻസഭ നേതൃത്വം നൽകിയ അനുസ്മരണ ചടങ്ങുകളിൽ മറ്റ് കത്തോലിക്കാസഭകളും അവർക്കൊപ്പം സിറിയൻ ഓർത്തഡോക്സ് സഭാവിഭാഗങ്ങളും അവർക്കൊപ്പം. സിറിയൻ ഓർത്തഡോക്സ് സഭാ വിഭാഗങ്ങളും അണി ചേർന്നു. തിരുവനന്തപുരത്തും കോട്ടയത്തും സാമാന്യം വലിയ പരിപാടികൾ ഉണ്ടായി.

മദർ ഇപ്പറഞ്ഞതൊക്കെ തികഞ്ഞ നിർമമതയോടെ കാണും എന്നതാണ് നാം തിരിച്ചറിയേണ്ടത്. തന്റെ ജന്മശതാബ്ദി ആചരിക്കുന്നവരുടെ കണക്ക് സൂക്ഷിക്കുന്ന വ്യക്തിയെ അൾത്താരയിൽ വണങ്ങാൻ കഴിയുകയില്ല. ഇതെഴുതുമ്പോൾ അമ്മയുടെ മുഖം എന്റെ മനസ്സിൽ തെളിയുന്നുണ്ട്. മദർ എന്നെ കാണാതെ ഞാൻ മദറിന്റെ മാസ്മരവലയത്തിൽ കുടുങ്ങിയ ആ സായാഹ്നം മൂന്ന് വ്യാഴവട്ടങ്ങൾക്കപ്പുറം ആയിരുന്നു. അന്ന് മലയാളമനോരമയുടെ അങ്കണത്തിൽ മദറിന് ഒരു സ്വീകരണം. കോട്ടയത്ത് കലക്ടറായി താമസിക്കുന്ന കാലം. എന്റെ തൊട്ടുമുന്നിലൂടെ വേദിയിലെ കസേരയിലേക്ക് നീങ്ങിയ മദറിന്റെ സാരിത്തലപ്പിൽ ഞാനൊന്ന് തൊട്ടു. മഹറിഡ്ജിന്റെ

പുസ്തകം വായിച്ച് തുടങ്ങിയ ആരാധനയുടെ സ്വാഭാവികപരിണതി. പിന്നെ പത്തുപന്ത്രണ്ട് കൊല്ലം കഴിഞ്ഞ് മദർ എന്റെ വീട്ടിൽ വന്നു. അന്ന് രണ്ടുമൂന്ന് മണിക്കൂർ ഒപ്പം ഉണ്ടായിരുന്നു. ഒടുവിൽ കണ്ടത് തൊണ്ണൂറുകളുടെ ആദ്യപാതിയുടെ അന്ത്യസന്ധ്യകളിൽ എന്നോ അമ്മ കണ്ണൂരിൽ വന്നപ്പോൾ. അമ്മയ്ക്കും മുഖ്യമന്ത്രി കരുണാകരനും ഒപ്പം വേദിയിൽ ഞാനും ഉണ്ടായിരുന്നു പ്രഭാഷകനായി. ഓർമയുണ്ട് ആ മുഖം. വാൽസല്യം ആയിരുന്നു ഞാൻ കണ്ട ഭാവം. ആദരവിനോട് നിർമമതകൊണ്ട് പ്രതികരിച്ചപ്പോഴും അമ്മ മധുരമനോഹരമായി പുഞ്ചിരിച്ചു. തനിക്ക് കിട്ടുന്ന ശ്രദ്ധ താൻ ദൈവതുല്യം കരുതിയ അശരണരിലേക്ക് തിരിച്ചുവിടുന്നതിന് അമ്മ ഉപയോഗിച്ച തടയണയായിരുന്നു ആ നിസംഗഭാവം.

മദർതെരേസയുടെ ഭാരതീയതയാണ് ഈ ശതാബ്ദിവേളയിൽ ഞാൻ പ്രത്യേകം ശ്രദ്ധിക്കുന്നത്. ഉത്തരബംഗാളിലെ കൃഷിയിടങ്ങളിൽ ചന്ദ്രപ്രഭ സ്വർണം പൂശിയ ആ രാവിൽ അശാന്തമായി ഭവിച്ച മനസ്സ് ഋതുഭേദങ്ങൾ പലത് കഴിഞ്ഞിട്ട് ശാന്തിയുടെ ദൂതുമായി കൊൽക്കത്തയിലെ തെരുവീഥികളിൽ അലയാനിറങ്ങിയ കന്യാസ്ത്രീയെ ഭാരതീയതയിൽ തളച്ചിട്ടു. അൽബേനിയയിൽ ജനിച്ച് അയർലൻഡിൽ കന്യാമഠത്തിൽ ചേർന്ന്, ലൊറെറ്റോ കോൺവെന്റിലെ ശീതീകരിച്ച ക്ലാസുമുറികളിൽ രാജകുമാരിമാരെ ഇംഗ്ലീഷ് പഠിപ്പിച്ച ആ അമ്മ സ്വന്തം സന്ന്യാസ സമൂഹത്തിന് യൂനിഫോംവമയശ േഎന്ന് സായ്പ് ആയി തിരഞ്ഞെടുത്ത വസ്ത്രം സാരിയായിരുന്നു. റോമൻ കത്തോലിക്ക സഭയുടെ ചരിത്രത്തിൽ സാരി മഠത്തിലമ്മമാരുടെ വേഷം ആയി സ്വീകരിച്ച ആദ്യത്തെ സമൂഹം മിഷനറീസ് ഓഫ് ചാരിറ്റി ആയിരിക്കണം. ഈ 2010 ൽ സാരിയിൽ ബ്ലൗസും ധരിച്ച കത്തോലിക്കാ സന്യാസിനിമാർ അപൂർവദൃശ്യം ഒന്നുമല്ല. അറുപത് വർഷം മുമ്പ് അത് വിപ്ലവകരമായ ഒരു ചുവടുവെപ്പായിരുന്നു.

ഭാരതീയതമാത്രം ആയിരുന്നില്ല അമ്മയുടെ മനസ്സിൽ. കൊൽക്കത്തിയിലെ ഏറ്റവും താഴെക്കിടയിൽ അന്ന് അവരിൽ മിക്കവരും ദലിതരോ തത്തുല്യമായ സാമൂഹികാവസ്ഥയിലുള്ളവരോ ആയിരിക്കണം ഉൾപ്പെട്ട നഗരസഭാ ജീവനക്കാരായ തൂപ്പുകാരികളുടെ വേഷം ആയിരുന്നു ഇന്ന് ലോകത്ത് ഹൃദയശുദ്ധിയുടെയും പരസ് നേഹത്തിന്റെയും പ്രതീകമായി കാണുന്ന നീലക്കരയുള്ള വെള്ളസാരി. തെരുവിലെ 'തെണ്ടികളെ' ശുശ്രൂഷിക്കാൻ മദാമ്മയുടെ കുപ്പായത്തിന് നിറം മാറ്റിയാൽ പോരാ എന്ന് തിരിച്ചറിഞ്ഞ അമ്മയെ നമസ്ക്കരിക്കാതെ വയ്യ. ഒപ്പം ആരെ സഹായിക്കാനാണോ ഇറങ്ങിപ്പുറപ്പെടുന്നത് അവർ അടുത്തുകണ്ട, അവരിലൊരാളായോ അവർക്കൊപ്പം ഇടപഴകുന്നവരിലൊരാളായോ അവർ തിരിച്ചറിയുന്നവർ ധരിച്ചിരുന്ന നീലക്കരയൻസാരി തന്നെ തെരഞ്ഞെടുത്ത മസ്തിഷ്കത്തിന് മുന്നിൽ സാഷ്ടാംഗ പ്രണാമം ചെയ്യുകയും വേണം.

ആ സാരി ഒരു സന്ദേശം ആയിരുന്നു. കൊൽക്കത്തയിലെ തെരുവീഥികളിൽ അനാഥരായി അന്തിയുറങ്ങിയവർക്കിടയിലാണ് എന്ന് തിരിച്ചറിഞ്ഞതിന്റെ വിളംബരം. ലോകത്തെങ്ങും അറിയപ്പെടാൻ പോന്ന ഒരു സമൂഹം സ്ഥാപിക്കുകയായിരുന്നില്ല അമ്മ. ഭാരതരത്നം വഴി വാഴ്ത്തപ്പെടുകയോ നൊബേൽസമ്മാനം നേടുകയോ ആ യുവതിയുടെ വിദൂരസ്വപ് നങ്ങളിൽ പോലും ഉണ്ടായിരുന്നില്ല. താനറിയുന്നവർ തന്നെ അവരിലൊരാളായി തിരിച്ചറിയണം. അതായിരുന്നു ലക്ഷ്യം. ഇവിടെ മസ്തിഷ്ക സിദ്ധിയെ അതിശയിക്കുന്ന ദൈവിക നൽവരത്തിന്റെ പ്രഭ നാം ശ്രദ്ധിച്ചുപോവുന്നു. നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക എന്ന കൽപനയുടെ ഏറ്റവും ക്ലേശഭൂയിഷ്ഠമായ മാനം 'നിന്നെപ്പോലെ തന്നെ' എന്ന വാക്കുകളിലാണ് ക്രിസ്തു സന്നിവേശിപ്പിച്ചത്. എന്റെ അയൽക്കാരനെ സ്നേഹിക്കാൻ ഞാൻ ഒരു നല്ല മനുഷ്യനായാൽ മതി. എന്നാൽ, അവനെ എന്നെപ്പോലെ തന്നെ സ്നേഹിക്കാൻ ഈശ്വരചൈതന്യം ഉണ്ടാവണം. എന്റെ അയൽക്കാരനെ ഞാൻ എന്റെ സ്വന്തം സഹോദരനെ സ്നേഹിക്കുമ്പോലെ സ്നേഹിച്ചാൽ പോരാ; എന്നെപ്പോലെ തന്നെ എന്നതാണ് സൂത്രശബ്ദം. അവന് വിശക്കുമ്പോൾ ഞാൻ

വിശപ്പിന്റെ വിഷമം അനുഭവിക്കണം. ആ പാരസ്പര്യം തിരിച്ചറിയുകയായിരുന്നു മദർ തെരേസ. ഇന്ന് അത് ട്രേഡ്മാർക്കാണ്, ബ്രാൻഡാണ്, ഐക്കൺ ആണ്. എം.എഫ്. ഹുസൈന്റെ വിഖ്യാതമായ ആ 'മദർചിത്രം' ഓർമയില്ലേ? മദറിന്റെ മുഖം അതിൽ ഇല്ല. ഉള്ളത് നീലക്കരകളും നിരാലംബനായ ഒരു ശിശുവിന്റെ രൂപവും മാത്രം.

അമ്മയുടെ ഭാരതീയതയുടെ മറ്റൊരു തെളിവ് ആദ്യത്തെ അംഗങ്ങൾക്ക് നൽകിയ പേരുകളാണ്. സുഭാഷിണിദാസിനെ ആഗ്നസ് എന്നുവിളിച്ചു; അത് സ്വന്തം പേര്. പിന്നെ വന്നതോ, നിർമലയും പ്രേമയും മറ്റും. ഇന്നിപ്പോൾ കുസുമം എന്നോ അഭയ എന്നോ സുധർമ എന്നൊക്കെ കന്യാസ്ത്രീകൾക്കും പേരുകൾ ഉണ്ട്. 1950 ൽ അത് വിപ്ലവകരമായ കാൽവെപ്പ് തന്നെയായിരുന്നു. അക്കാലത്ത് വൈദേശിക നാമങ്ങൾ മദർ ഏറെ ഉപയോഗിച്ചില്ല. ഉപയോഗിച്ചപ്പോൾ അതിന് കാരണവും ഉണ്ടായിരുന്നു. ഇപ്പോൾ കോട്ടയത്ത് വിശ്രമജീവിതം നയിക്കുന്ന ഒരു സിസ്റ്റർ ഉണ്ട്. വിദേശച്ചുവയുള്ള പേരുമായി. ആ പേര് പീയൂസ് പന്ത്രണ്ടാമൻ മാർപ്പാപ്പയോടുള്ള ആദരവ് പ്രകടിപ്പിക്കാൻ മാർപ്പാപ്പയുടെ ജ്ഞാനസ്നാന നാമത്തിൽ നിന്ന് രൂപപ്പെടുത്തിയതാണ്: മദറിന്റെ സമൂഹത്തിന് നൽകിയ പേപ്പൽ അംഗീകാരത്തിന്റെ ബാക്കി. അതേ സമയം സമൂഹം വിശ്വവ്യാപകമായതോടെ പേരുകളുടെ കാര്യത്തിലും സാർവലൗകികത സാധാരണമായി.

മദർ തേരസയുമായി ബന്ധപ്പെട്ട് ദിനരാത്രങ്ങൾ നിർവചിക്കുന്ന ഒരുവനാണ് ഇത് എഴുതുന്നത്. അതിരാവിലെ അമ്മയുടെ കസേര അമ്മ എന്റെ വീട്ടിൽ വന്നപ്പോൾ ഇരുന്നതും അതിനുശേഷം മറ്റാരും ഇരുന്നിട്ടില്ലാത്തതും ആയ കസേര എനിക്ക് അൾത്താരയാവുന്നു. അവിടെ നിന്നുകൊണ്ട് ഞാൻ അന്ത്യോഖ്യൻപാരമ്പര്യത്തിലെ പ്രാർഥന ചൊല്ലുന്നു: 'മദർ തെരേസാ, ഞെരുക്കത്തിലിരിക്കുന്നവർ നിന്റെ സഹായത്തെ അന്വേഷിക്കുന്നു. നിന്റെ പ്രാർഥന ഞങ്ങൾക്ക് കോട്ടയും അഭയസ്ഥാനവും ആയിരിക്കണമെന്നതിന്റെ പ്രാർഥനയാൽ ഞങ്ങളുടെ യാചനകൾ നൽകപ്പെടുകയും ഞങ്ങളുടെ രോഗികൾ സുഖപ്പെടുകയും പിശാചുക്കളാൽ പരീക്ഷിക്കപ്പെടുന്നവർ സ്വാതന്ത്ര്യപ്പെടുകയും ചെയ്യുമാറാകണമെ' അമ്മ എനിക്ക് കാവലായിരിക്കുന്നു. മദറിനെപ്പോലുള്ളവർ ഇടക്കിടെ ജനിക്കാനാവാം മനുഷ്യജാതി മരിക്കാതിരിക്കുന്നത്.